# മഹാത്മാഗാന്ധി സർവകലാശാല

പുറത്തെഴുത്ത് നം.2499/AD A3/4/2019/ADMIN തീയതി.19.10.2019

Rights of Persons with Disabilities Act 2016 ലെ സെക്ഷൻ 23 പ്രകാരം ഭിന്നശേഷിക്കാരുടെ അവകാശങ്ങളും ആവശ്യങ്ങളും നടപ്പിലാക്കുന്നതിനായി ഒരു ഗ്രീവൻസ് റിഡ്രസ്സൽ ഓഫീസറെ എല്ലാ സർക്കാർ വകുപ്പുകളിലും നിയമിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് സർക്കാർ 1619/2/18/എസ്.സി.പി.ഡബ്ള്യൂ.ഡി. തീയതി. 19.08.2018 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ടി സർക്കുലർ മിനിറ്റ്സ് ഇനം നം. 49/19.08/DDFS-2499/2018 തീയതി 05.10.2019 പ്രകാരം സർവകലാശാലയിൽ നടപ്പിലാക്കുവാൻ സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

PREMKUMAR R
ASSISTANT REGISTRAR I (ADMIN)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ് :

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./പി.വി.സി.എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/എഫ്.ഒ/സി.ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി.,മഹാത്മാഗാന്ധി സർവകലാശാല
5. എ.ആർ./ഡി.ആർ./ജെ.ആർ.(ഭരണം/അക്കാദമിക്/ഫിനാൻസ്/പരീക്ഷ).
6. പി.ആർ.ഒ /സിറ്റാഡ്/സി.എം.എസ് (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
7. എഫ്.സി.സി./എ.സി.സി./ഫിനാൻസ് 1/4/ഓഡിറ്റ് 1/4/ഐ.ക്യു.എ.സി.
8. എഡി എ1/എഡി എ2/എഡി എ4/എഡി എ5/എഡി സി.1/2/3
9. സ്റ്റോക്ക് ഫയൽ /റെക്കോർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.

Draft #3 of File 2499/AD AIII 4/2018/REG SECT Approved by ASSISTANT REGISTRAR I (ADMIN) on 19-Oct-2019 06:01 PM - Page 1
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**കേരള സർക്കാർ**

**അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്,**
**സോഷ്യൽ വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ കോംപ്ലക്സ്,**

**പൂജപ്പുര, തിരുവനന്തപുരം 12.**
**ഫോൺ 0471–2347704.**

**സർക്കുലർ**

വിഷയം:- Rights of Persons with Disabilities Act 2016 പ്രകാരം ഗ്രീവൻസ് റിഡ്രസ്സൽ ഓഫീസറെ നിയമിക്കുന്നത് – സംബന്ധിച്ച്.

==================================================================

നം. 1619/എസ്.2/18/ എസ്.സി.പി.ഡബ്ല്യു.ഡി തീയതി. തിരുവനന്തപുരം 19.08.2018.

==================================================================

Rights of Persons with Disabilities Act 2016 ലെ സെക്ഷൻ 23 പ്രകാരം ഭിന്നശേഷിക്കാരുടെ അവകാശങ്ങളും ആവശ്യങ്ങളും നടപ്പിലാക്കുന്നതിനായി ഒരു ഗ്രീവൻസ് റിഡ്രസ്സൽ ഓഫീസറെ എല്ലാ സർക്കാർ വകുപ്പുകളിലും നിയമിക്കേണ്ടതാണ്. ഭിന്നശേഷിക്കാരായ ഉദ്യോഗസ്ഥർക്ക് താഴെ പറയുന്ന സാഹചര്യങ്ങൾക്ക് വിരുദ്ധമായി അനുഭവമുണ്ടായാൽ ഗ്രീവൻസ് റിഡ്രസ്സൽ ഓഫീസർക്ക് മുമ്പാകെ പരാതി ഉന്നയിക്കാവുന്നതാണ്.

1. സർക്കാർ സ്ഥാപനങ്ങൾ ഒന്നും തന്നെ ജോലിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ശാരീരിക ബലഹീനത അനുഭവിക്കുന്ന (ഭിന്നശേഷിക്കാരായ ) വ്യക്തികളോട് യാതൊരു വിവേചനവും കാണിക്കാൻ പാടില്ല.
2. എല്ലാ സർക്കാർ സ്ഥാപനങ്ങളും ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ഉചിതമായ താമസ സൗകര്യവും, ജോലി ചെയ്യുന്നതിന് തടസ്സരഹിതവും അനുയോജ്യവുമായ അന്തരീക്ഷം എന്നിവ പ്രദാനം ചെയ്യേണ്ടതാണ്.
3. ശാരീരിക വൈകല്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ഒരു വ്യക്തിക്കും സ്ഥാനക്കയറ്റം നിഷേധിക്കപ്പെടുവാൻ പാടുള്ളതല്ല.
4. ഒരു സർക്കാർ സ്ഥാപനവും ഒരു ജീവനക്കാരനെയും, അവന്റെ സേവനകാലയളവിൽ സംഭവിച്ചിട്ടുള്ള ശാരീരിക വൈകല്യത്തിന്റെ പേരിൽ ജോലിയിൽ നിന്നും മാറ്റി നിർത്തുവാനോ, റാങ്കിൽ തരംതാഴ്ത്തുവാനോ പാടുള്ളതല്ല. ഒരു ഉദ്യോഗസ്ഥൻ തനിക്ക് അംഗവൈകല്യം സംഭവിച്ചതിനുശേഷം താൻ വഹിച്ചുകൊണ്ടിരുന്ന തസ്തികയ്ക്ക് അനുയോജ്യനല്ല എന്ന് കാണുകയാണെങ്കിൽ, ടിയാനെ തുല്യമായ ശമ്പള സ്കെയിലും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്ന മറ്റൊരു തസ്തികയിലേയ്ക്ക് മാറ്റേണ്ടതാണ്. ടി. ജീവനക്കാരനെ മറ്റൊരു തസ്തികയിലും, പരിഗണിക്കാൻ സാധ്യമല്ലാത്തപക്ഷം, അനുയോജ്യമായ മറ്റൊരു തസ്തിക ലഭ്യമാകുന്നതുവരെ അല്ലെങ്കിൽ ടിയാന് വിരമിക്കൽ പ്രായം എത്തുന്നതുവരെ, ഏതാണോ ആദ്യം അതുവരെ, ടിയാനെ ഒരു സൂപ്പർ ന്യൂമററി തസ്തികയിൽ നിലനിർത്താവുന്നതാണ്.

5. ശാരീരിക വൈകല്യമുള്ള ജീവനക്കാരുടെ നിയമനവും സ്ഥലംമാറ്റം സംബന്ധിച്ച് സർക്കാരിന് പ്രത്യേക നയങ്ങൾക്ക് രൂപം നൽകാവുന്നതാണ്.

മേൽ സൂചിപ്പിച്ചിട്ടുള്ള സാഹചര്യങ്ങൾ ലഭ്യമാകുന്നില്ല എന്ന് ചൂണ്ടിക്കാട്ടി ഏതെങ്കിലും ഒരു ഭിന്നശേഷിക്കാരനായ ഉദ്യോഗസ്ഥൻ ഗ്രീവൻസ് റിഡ്രസ്സൽ ഓഫീസർ മുമ്പാകെ പരാതി നൽകുകയാണെങ്കിൽ ആയതിന് വേണ്ടി പ്രത്യേകം തയ്യാറാക്കിയ രജിസ്റ്ററിൽ ഇക്കാര്യം രേഖപ്പെടുത്തേണ്ടതും, പരാതി രജിസ്റ്റർ ചെയ്ത തീയതിമുതൽ രണ്ടാഴ്ചയ്ക്കകം അതിൻമേൽ അന്വേഷണം നടത്തി തീർപ്പ് കൽപ്പിക്കേണ്ടതുമാണ്.

ഡോ. ഹരികുമാർ. ജി
അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണർ

എല്ലാ വകുപ്പ് തലവൻമാർക്കും
എല്ലാ പത്ര – ദൃശ്യമാധ്യമങ്ങൾക്കും
സ്റ്റോക്ക് ഫയൽ/ആഫിസ് കോപ്പി